# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2819      14/02/2013 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ<br>,, കെ. മുരളീധരൻ<br>,, കെ. ശിവദാസൻ നായർ | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) 9,10 സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br>9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം,<br>1) കുട്ടിയുടെ രക്ഷകർത്താവിന്റെ വാർഷികവരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.<br>2) വിദ്യാർത്ഥിക്ക് മറ്റ് കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള സ്കോളർഷിപ്പ് ലഭിക്കുന്ന ആളായിരിക്കരുത്.<br>3) റഗുലർ ഫുൾടൈം വിദ്യാർത്ഥി ആയിരിക്കണം.<br>4) ഗവൺമെന്റ്/ഗവൺമെന്റ് അംഗീകൃതം/സെൻട്രൽ/സ്റ്റേറ്റ് ബോർഡ് സെക്കന്ററി എഡ്യൂക്കേഷന്റെ അംഗീകാരം ഉള്ള സ്കൂളിൽ പഠിക്കുന്നവരായിരിക്കണം. |
| (സി) ഇതിനായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ; | കേന്ദ്ര സർക്കാർ 198419070/- രൂപ അനുവദിച്ചിട്ടുണ്ട്. |

(ഡി) ഇതുവഴി വിദ്യാർത്ഥികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കിൽ ആനുകൂല്യം ലഭിക്കുന്നതാണ്.

| ഐറ്റം | D/S | H/R |
|---|---|---|
| സ്കോളർഷിപ്പ് (P.M) 10 months | 150 | 350 |
| Books & Ad-hoc Grant (Rs.p.a) | 750 | 1000 |

പ്രൈവറ്റ്/അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന, ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് അഡീഷണൽ അലവൻസ് കൂടി ലഭിക്കുന്നതാണ്.

1) അന്ധരായ വിദ്യാർത്ഥികൾക്ക് റീഡർ അലവൻസായി 160/- രൂപ ലഭിക്കുന്നതാണ്.
2) 1995 ലെ Disabilities Act പ്രകാരം വികലാംഗരായ കുട്ടികൾക്ക് വീട്ടിൽ പോയി വരുന്നതിന് പ്രതിമാസ വാഹന അലവൻസായി 160/- രൂപ ലഭിക്കുന്നതാണ് (ഹോസ്റ്റലുകാർക്ക് ലഭിക്കുന്നതല്ല).
3) വീട്ടിൽ പോയിവരുന്ന 80% ൽ കൂടുതൽ വികലാംഗരായ വിദ്യാർത്ഥികൾക്ക് പ്രതിമാസ എസ്കോർട്ട് അലവൻസായി 160/- രൂപ ലഭിക്കുന്നതാണ്.
4) ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് ഒരാളിന്റെ സഹായം അത്യന്താപേക്ഷിതമാണെങ്കിൽ ഹെൽപ്പർ അലവൻസായി 160/- രൂപ പ്രതിമാസം ലഭിക്കുന്നതാണ്.
5) മാനസിക വൈകല്യമുള്ള കുട്ടികൾക്ക് പ്രതിമാസ കോച്ചിംഗ് അലവൻസായി 240/- രൂപ ലഭിക്കുന്നതാണ്.

(ഇ) പ്രസ്തുത ആനുകൂല്യങ്ങൾക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ?

(ഇ) 2012-13 വർഷം ജൂലൈ മുതൽ ആനുകൂല്യം ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ